**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **11-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവകൃഷിയിൽ നിന്നും കർഷകർ പിന്തിരിയുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ജൈവ കൃഷിയിൽ ഏർപ്പെടുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ കൈക്കൊള്ളുന്നത്. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി വിവിധ പദ്ധതികളുമായി സംയോജിപ്പിച്ചിട്ടാണ് ജൈവ കൃഷി സംസ്ഥാനത്ത് നടപ്പാക്കുന്നത്. ജൈവ കൃഷിയിൽ ഏർപ്പെടുന്ന കർഷകരുടെ ഉൾപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജൈവ കർഷകരുടെ ഉൽപ്പന്നങ്ങൾക്കും മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും സർട്ടിഫിക്കേഷനും ബ്രാൻഡിങ്ങും നടപ്പിലാക്കുകയും അതിലൂടെ ദേശീയ- അന്തർദേശീയ വിപണനം എന്ന പുത്തൻ വാതിൽ കർഷകർക്ക് മുൻപിൽ തുറക്കപ്പെടുകയും ചെയ്യുന്നു .മാത്രമല്ല കേരളത്തിലുടനീളമുള്ള കർഷകരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കേരളത്തിലാകെ 15 കേരളഗ്രോ ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഇത്തരം ഷോപ്പുകളിലൂടെ കേരളഗ്രോ എന്ന ബ്രാൻഡ് നാമത്തിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നു. ജൈവ ഉൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷന് ശേഷം കേരളഗ്രോ-ഗ്രീൻ, കേരളഗ്രോ-ജൈവം എന്നീ ബ്രാൻഡുകളിൽ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ വിപണനം സാധ്യമാക്കാവുന്നതാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കായുള്ള സൂപ്പർ മാർക്കറ്റുകൾ, റീറ്റെയ്ൽ ഔട്ട് ലറ്റുകൾ എന്നിവ പ്രവർത്തനസജ്ജമാകുന്നതോടെ കൂടുതൽ വിപണി ജൈവ കർഷകർക്ക് ലഭ്യമാകും.<br><br>കൃഷി വകുപ്പിന്റെ ഇടപെടലുകളിലൂടെ സംസ്ഥാനത്തെ യുവ കർഷകർ ഉൾപ്പെടുന്ന ജൈവ കർഷകർ ജൈവ |

| | | | |
|---|---|---|---|
| | | | കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന കൃഷി രീതി അനുവർത്തിക്കാനാവശ്യമായ പിന്തുണയും നൽകി വരുന്നു. |
| (ബി) | ജൈവകൃഷി കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ ജൈവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി കർമപദ്ധതികൾ സംസ്ഥാനം നടപ്പിലാക്കി വരുന്നു.<br><br>1. കേരളത്തിലെ ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന രണ്ട് സ്കീമുകളാണ് ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും(GAP) ,ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും(BPKP-Central) എന്നിവ.<br><br>2. ജൈവകൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും ജൈവ/പ്രകൃതിദത്ത കൃഷിയിലൂടെ കർഷകരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനാത്ത് ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടീൽ നടത്തുന്നതിന് ഒരു സംഘടിത സംവിധാനമെന്ന രീതിയിൽ ജൈവ കാർഷിക മിഷൻ സംസ്ഥാന സർക്കാർ രൂപീകരിച്ചു .<br><br>3. VFPCK വഴി കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയ വനിതാ സ്വയം സഹായ സംഘങ്ങളെ ജൈവ പച്ചക്കറി കൃഷി ആരംഭിക്കുന്നതിനും വിജയകരമായ ജൈവ വിപണികൾ നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നു. വർധിച്ചുവരുന്ന ആവശ്യം തിരിച്ചറിഞ്ഞ് സ്വകാര്യവ്യവസായ സ്ഥാപനങ്ങളും ജൈവ ഭക്ഷ്യവ്യാപാരത്തിലേക്ക് ചുവടുവച്ചു.<br><br>4. കയറ്റുമതി വിപണിയെ ലക്ഷ്യമാക്കി കേരളത്തിൽ വയനാട്ടിലെ പൊക്കാളി, കൈപ്പാട്, ജീരകശാല, ഗന്ധകശാല എന്നീ സ്വതവേ ജൈവമായ നെല്ലുകൾ ഉൾപ്പെടെയുള്ള കർഷക ഉൽപ്പന്നങ്ങളുടെ ഓർഗാനിക് സർട്ടിഫിക്കേഷൻ സജീവമായി നടപ്പിലാക്കി വരുന്നു.<br><br>5. കയറ്റുമതി വിപണിയെ പ്രധാന ലക്ഷ്യമായി കണ്ടുകൊണ്ട് കേരളത്തിലെ വൈവിധ്യമാർന്ന വിളകൾ, പ്രത്യേകിച്ച് സുഗന്ധവ്യഞ്ജനങ്ങൾ, തോട്ടവിളകൾ, ഔഷധ സസ്യങ്ങൾ ,നാണ്യവിളകൾ മുതലായവ കൃഷി ചെയ്യുന്ന നിരവധി അംഗീകൃത ജൈവ കർഷകർ ഇപ്പോൾ സംസ്ഥാനത്തുണ്ട്.<br><br>6. ഉത്പാദനത്തോടൊപ്പം വിപണനത്തിനും പ്രാധാന്യം നൽകി കൊണ്ട് കേരളത്തിലുടനീളം ജൈവ – അജൈവ, മൂല്യ വർധിത ഉൽപ്പങ്ങളുടെ |

| | | | |
|---|---|---|---|
| | | | വിപണനത്തിനായുള്ള ബ്രാൻഡഡ് ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.ഇത്തരം ഷോപ്പുകളിലൂടെ കേരളഗ്രോ എന്ന ബ്രാൻഡ് നാമത്തിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നു.എന്നാൽ കേരളത്തിലെ ജൈവ ഉൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷന് ശേഷം ലഭിക്കുന്ന ജൈവം ,ഗ്രീൻ എന്നീ ലേബലുകളോടെ കേരളഗ്രോ-ഗ്രീൻ, കേരളഗ്രോ-ജൈവം എന്നീ ഉപ ബ്രാൻഡുകളിലാണ് ലഭ്യമാകുന്നത് .<br><br>7.കേരളത്തിലെ ജൈവ കർഷകരുടെമൂല്യവർധിത ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷനും ബ്രാൻഡിങ്ങും തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുകയും അതിലൂടെ കയറ്റുമതി സാധ്യതകൾ എന്ന പുത്തൻ വാതിൽ കർഷകർക്ക് മുൻപിൽ തുറക്കപ്പെടുകയും ചെയ്യുന്നു. |
| (സി) | ജൈവകൃഷിയുടെ പുരോഗതിയുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | കൃഷി വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തിപ്പോൾ 82257 കർഷകർ 31912 ഹെക്ടർ വിസ്തൃതിയിൽ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പ്രകാരമുള്ള കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിൽ 82000 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്യുന്ന കർഷകർക്ക് ജൈവ കൃഷിയുടെ നൂതന സാങ്കേതിക വിദ്യകളെ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ജൈവ കർഷകരുടെ എണ്ണം, ആകെ ജൈവ കൃഷി ചെയ്യുന്ന വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ ജൈവകാർഷികമേഖലയുടെ പുരോഗതി മുൻ വർഷങ്ങളെക്കാളും വളരെ അധികം മുൻപോട്ട് ആണ് എന്ന് മനസിലാക്കാം. കേന്ദ്ര സർക്കാർ സ്ഥാപനമായ അഗ്രികൾച്ചർ & പ്രോസെസ്സഡ് ഫുഡ് പ്രോഡക്റ്റ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി-അപേഡയുടെ കണക്കുകൾ പ്രകാരം കേരളത്തിൽ ഇപ്പോൾ 36208 ഹെക്ടർ സ്ഥലത്തു കർഷകർ ജൈവ കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും വ്യാപൃതരാണ്.<br><br>നിലവിലെ പദ്ധതികൾ വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാനും കൂടുതൽ വിസ്തൃതിയിൽ ജൈവ കൃഷി ചെയ്യുവാൻ സാധിക്കും എന്നും വിലയിരുത്തുന്നു. ജൈവ കൃഷിക്ക് ആവശ്യമായ നൂതന സാങ്കേതിക വിദ്യകളുടെയും പുത്തൻ അറിവുകളുടെയും അഭാവം അതിന്റെ ഉന്നമനത്തിനെ ബാധിക്കും എന്നത് കണക്കിലെടുത്തുകൊണ്ട് ജൈവ കാർഷിക മിഷന്റെ ഭാഗമായി നാഷണൽ വർക്ക്ഷോപ്പ് ഓൺ |

| | | | |
|---|---|---|---|
| | | | ഓർഗാനിക് ആൻഡ് നാച്ചുറൽ ഫാർമിംഗ് എന്ന പരിപാടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൂടെ ജൈവ കാർഷിക മേഖലയിൽ നൈപുണ്യം തെളിയിച്ചിട്ടുള്ള വ്യക്തികളിൽ നിന്നുമുള്ള അറിവുകളുടെ ഒരു സമാഹാരം സൃഷ്ടിക്കുകയും അത് ജൈവ കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഉപയോഗിക്കുവാനും സാധിക്കും എന്ന് വിലയിരുത്തുന്നു |
| (ഡി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ കർമ്മ പദ്ധതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ജൈവകൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും, കൃഷിയിൽ സുസ്ഥിരത വർധിപ്പിക്കുന്നതിനും, ശാസ്ത്രീയ കൃഷിരീതികളുടെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനും, ജൈവ/ പ്രകൃതിദത്ത കൃഷിയിലൂടെ കർഷകരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനാത്ത് ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടീൽ നടത്തുന്നതിന് ഒരു സംഘടിത സംവിധാനമെന്ന രീതിയിൽ ജൈവ കാർഷിക മിഷൻ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രവർത്തന രൂപരേഖ സർക്കാർ അംഗീകരിക്കുകയും സംസ്ഥാന കൃഷിവകുപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.<br><br>രൂപരേഖ പ്രകാരമുള്ള പ്രധാന ലക്ഷ്യങ്ങൾ<br><br>1. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിന് ഉതകുന്ന നൂതന കാർഷികമുറകൾ പ്രചരിപ്പിയ്ക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br><br>2. ആവശ്യമായ ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുക.<br><br>3.ഉല്പന്നങ്ങളുടെയും ഉല്പാദനോപാധികളുടെയും ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കുക.<br><br>4. ജൈവ ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ, ബ്രാൻഡിംഗ്, ഉയർന്ന വില സ്ഥിരമായി ലഭിക്കുന്നതിനുള്ള വിപണി പിൻതുണ എന്നിവ ഉറപ്പാക്കുക.<br><br>5. മാതൃക പ്ലോട്ടുകൾ വികസിപ്പിച്ചെടുക്കുന്നതിലൂടെ വിജയകരമായ ജൈവ കൃഷി മാതൃകകൾ കർഷകർക്ക് നൽകുക.<br><br>6. ജൈവ കർഷകരുടെ കൃഷിക്കൂട്ടങ്ങൾ, FPO -കൾ രൂപീകരിച്ച് ബിസിനസ് പ്ലാൻ തയ്യാറാക്കി ജൈവ കാർഷിക മേഖലയിൽ വിജയകരമായ സംരംഭകത്വ മാതൃകകൾ നടപ്പിലാക്കുക. |

| | | | |
|---|---|---|---|
| | | | 7. നിലവിൽ ജൈവ കൃഷി നടപ്പിലാക്കുന്നതിനുള്ള വെല്ലുവിളി സംബന്ധിച്ച് പഠനം നടത്തുകയും അവ കണ്ടെത്തി പരിഹരിയ്ക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ